"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് - ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിലെ ഒമ്പതാം ഗഡുവായി -*"2851-00-105-99-31-KK&VI Board -Administrative Expenses"* എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച 322 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.238/2023/ID തീയതി,തിരുവനന്തപുരം, 22-03-2023

---

പരാമർശം:-

1. 06-04-2022 -ലെ സ.ഉ.(സാധാ) നം.309/2022/വ്യവ നമ്പർ ഉത്തരവ്.
2. 25-05-2022 -ലെ സ.ഉ.(സാധാ) നം.492/2022/വ്യവ നമ്പർ ഉത്തരവ്.
3. 19-07-2022 -ലെ സ.ഉ.(സാധാ) നം.718/2022/വ്യവ നമ്പർ ഉത്തരവ്.
4. 30-08-2022 -ലെ സ.ഉ.(സാധാ) നം.949/2022/വ്യവ നമ്പർ ഉത്തരവ്.
5. 29-09-2022 -ലെ സ.ഉ.(സാധാ) നം.1062/2022/വ്യവ നമ്പർ ഉത്തരവ്.
6. 10-11-2022 -ലെ സ.ഉ.(സാധാ) നം.1185/2022/വ്യവ നമ്പർ ഉത്തരവ്.
7. 25-11-2022 -ലെ സ.ഉ.(സാധാ) നം.1249/2022/വ്യവ നമ്പർ ഉത്തരവ്.
8. 21-02-2023 -ലെ സ.ഉ.(സാധാ) നം.150/2023/വ്യവ നമ്പർ ഉത്തരവ്.
9. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 15-02-2023 -ലെ കെ.ബി2371/2019/എ8 നമ്പർ കത്ത്.
10. G.O(Rt) No.2133/2023/Fin dated 20.03.2023

**<u>ഉത്തരവ്</u>**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നോൺ-പ്ലാൻ സാലറി ഫണ്ടിനത്തിൽ നല്പത്തിയഞ്ച് കോടി പത്ത് ലക്ഷം രൂപ 2851-00-105-99-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയതിൽ നല്പത്തിയഞ്ച് കോടി പത്ത് ലക്ഷം രൂപ പരാമർശ ഉത്തരവുകൾ പ്രകാരം എട്ട് ഗഡുക്കളായി റിലീസ് ചെയ്ത് നൽകിയിരുന്നു.

(2) നടപ്പ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 9,20,62,712/- രൂപ കൂടി ലഭിച്ചാൽ മാത്രമേ ബോർഡിന് ജീവനക്കാരുടെ പ്രതിമാസ ശമ്പളവും, ശമ്പള കടിശ്ശികയും, പ്രതിമാസ പെൻഷനും പെൻഷനാനുകൂല്യങ്ങളും നൽകി ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയൂ എന്നും ആയതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ ബോർഡിന് നോൺ-പ്ലാൻ ശമ്പളം ഭരണപരമായ ചെലവുകൾ ഇനത്തിൽ 9.20 കോടി രൂപ കൂടി ബഡ്ജറ്റ് അലോക്കേഷനിൽ അധികമായി ഉൾപ്പെടുത്തി അടുത്ത ഗഡുവായി ബോർഡിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബോർഡ് സെക്രട്ടറി പരാമർശം (9) പ്രകാരം അപേക്ഷിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിലെ ജീവനക്കാർക്ക് ഫെബ്രുവരി മാസത്തെ ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിലെ ഒമ്പതാം ഗഡുവായി -*"2851-00-105-99-31-KK&VI Board -Administrative Expenses"* എന്ന ശീർഷകത്തിൽ പരാമർശം (10) പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 322ലക്ഷം രൂപ ***(മൂന്ന് കോടി ഇരുപത്തി രണ്ട് ലക്ഷം രൂപ)*** ഒമ്പതാമത്തെ ഗഡുവായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

i.അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ്ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

ii. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും, വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു .

iii.09/12/2008 -ലെ 84/2008/ധന, 29/08/2009- ലെ 75/2009/ധന, 30.01.2018 -ലെ 08/2018/ ധന, 16.06.2018 -ലെ 53/2018/ധന നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

iv.തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ, അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും G.O(Ms)No.04/2020/Fin dated 09/01/2020 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ് .

v.Loan Monitoring and Fund Management System സംബന്ധിച്ച് G.O(P) NO.157/2021/Fin dated 26.11.2021 & G.O(P)NO.171/2021/Fin dated 18.12.2021 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

4.വ്യവസായ വാണിജ്യ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ തുക പിൻവലിച്ച് ഖാദി ബോർഡ് സെക്രട്ടറിക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ–ബിപ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21.03.2023 ലെ PU–D1/13/2021–FIN നമ്പർ കുറിപ്പ് പ്രകാരം)
ഐ &പിആർ വകുപ്പ് (ജി.ഒ ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ (കെ1/94/2022)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 22-08-2023 14:15:53
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക്